(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്. പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി കാലോചിതമായും സമഗ്രമായും പരിഷ്കരിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിന് അനുസൃതമായി ശരിയായ ക്ലാസ് റൂം വിനിമയം ഉറപ്പാക്കുന്നതിന് അദ്ധ്യാപകർക്ക് സമഗ്രമായ പരിശീലനം നൽകിവരുന്നു. കൂടാതെ വിവര സാങ്കേതിക വിദ്യയിലൂടെ അറിവ് നേടുന്നതിനും സംശ്ലേഷിക്കുന്നതിനുമായി വിദ്യാലയങ്ങിൽ നേരിട്ട് അദ്ധ്യാപക പരിശീലന പരിപാടികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മൂല്യനിർണയവും സമഗ്രമായി പരിഷ്കരിച്ചുവരുന്നു.

(ബി) പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകൃഷ്ടരാക്കുക, മികച്ച പഠനനിലവാരം കൈവരിക്കുക, ശാസ്ത്ര സാങ്കേതിക വിവര വിനിമയ മേഖലകളിലെ മാറ്റങ്ങൾക്കനുസരിച്ച് പഠന രീതികളും, ബോധന സമ്പ്രദായവും ഉയർത്തുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി ഉയർത്തുന്നതിനും മികച്ച ഭൗതിക സാഹചര്യമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കലാ-കായിക-പ്രവർത്തിപരിചയ പ്രാധാന്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്.

റോഡുകളിൽ ആധുനിക രീതിയിലുള്ള കഴിയടയ്ക്കൽ കർമ്മ പദ്ധതി

12(*253) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ ആധുനിക രീതിയിലുള്ള കഴിയടയ്ക്കൽ രീതിക്ക് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ആധുനിക രീതിയിൽ പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഉപയോഗിച്ച് റോഡുകളിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി അടയ്ക്കുവാനും റോഡുകളിൽ ടാർ ചുടാക്കുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും പോട്ട് ഹോൾ ഫില്ലിംഗ് പണികൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന ട്രാഫിക് ബ്ലോക്കുകൾ കുറയ്ക്കുവാനും അറ്റകുറ്റപ്പണികളുടെ ഈട് കൂട്ടുവാനുമാണ് ടി. പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്.

(സി) 28-5-2014-ലെ സ. ഉ. (സാധാ.) 708/14/പൊ.മ.വ. പ്രകാരം ആലപ്പുഴ, എറണാകുളം, മൂവാറ്റുപുഴ റോഡ്സ് ഡിവിഷനുകളിലെ 274 കി.മി. ദൈർഘ്യം വരുന്ന റോഡുകളിലെ കുഴിയടയ്ക്കുന്നതിന് M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന "Python 5000" എന്ന pothole patching equipment ഉപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ട് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പണി ഏറ്റെടുക്കുവാനായി മുന്നോട്ടുവന്ന കമ്പനി പിൻവാങ്ങിയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആയിട്ടില്ല

നെൽവയൽ നികത്തൽ

13(*254) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നെൽവയൽ നികത്തലിന് ആവശ്യമായ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പത്ത് ഏക്കർ വരെയുള്ള നെൽവയൽ നികത്തുന്നത് നിയമവിധേയമാക്കാനുള്ള നടപടികളിൽ പരിസ്ഥിതി വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly